# കല, കായിക- ആരോഗ്യ, പ്രവൃത്തി
# പഠന വിഷയങ്ങളുടെ ടേം വിലയിരുത്തൽ

## മാർഗനിർദേശങ്ങൾ

**1. പരീക്ഷാ നടത്തിപ്പ് സംബന്ധിച്ചത്...**

- കലാവിദ്യാഭ്യാസം (Art Education), പ്രവൃത്തി പഠനം (Work Education), ആരോഗ്യവും കായിക വിദ്യാഭ്യാസവും (Health & Physical Education) എന്നീ വിഷയങ്ങൾക്ക് 2015 - 16 അധ്യയന വർഷം മുതൽ നിരന്തരവിലയിരുത്തൽ (CE) നടത്തുന്നതോടൊപ്പം, ടേം വിലയിരുത്തലും (TE) നടത്തേണ്ടതാണ്.
- കുട്ടികൾക്ക് നൽകുന്ന പഠന നിലവാര രേഖയിൽ ഈ വിഷയങ്ങളുടെ മികവും ഗ്രേഡ് ആയി രേഖപ്പെടുത്തേണ്ടതാണ്.
- ഈ വിഷയങ്ങളുടെ വിലയിരുത്തൽ അവ പഠിപ്പിക്കുന്ന അധ്യാപകരുടെ നേതൃത്വത്തിൽ നടത്തണം. ഈ വിഷയങ്ങൾക്ക് അധ്യാപകർ ഇല്ലാത്തപക്ഷം, പ്രസ്തുത വിഷയങ്ങളിൽ അഭിരുചിയുള്ള അധ്യാപകരെ ചുമതലപ്പെടുത്തി വിലയിരുത്തൽ നടത്തണം.
- ടേർമിനൽ പരീക്ഷാസമയവിവരപ്പട്ടികയിൽ ഈ വിഷയങ്ങളുടെ പരീക്ഷ സംബന്ധിച്ച വിവരങ്ങളും നൽകണം.
- ടേം പരീക്ഷ തുടങ്ങി അവസാനിക്കുന്നതിനിടയിലുള്ള ദിവസങ്ങളിൽ 10 മണിക്കും, 4 മണിക്കും ഇടയിലുള്ള സൗകര്യപ്രദമായ സമയം ഇതിന് ഉപയോഗപ്പെടുത്താം.
- 1 മുതൽ 4 വരെ ക്ലാസ്സുകളിലെ ഈ വിഷയങ്ങളുടെ വിലയിരുത്തൽ മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചാണ് ചെയ്യേണ്ടത്.
- 5, 6, 7, 8 ക്ലാസ്സുകളുടെ ചോദ്യപേപ്പർ പ്രത്യേകമായി നൽകുന്നു.

**2. പ്രവൃത്തി പഠനം (Work Education) - ടേം വിലയിരുത്തൽ മാർഗനിർദേശങ്ങൾ**

- എസ്.സി.ഇ.ആർ.ടി പുറത്തിറക്കിയിട്ടുള്ള അപ്പർപ്രൈമറി (5, 6, 7 ക്ലാസ്സുകൾ) തലത്തിലെ പ്രവൃത്തി പഠനം സോഴ്സ്ബുക്ക്, ഹൈസ്കൂളിന് വേണ്ടിയുള്ള പ്രവൃത്തിപഠനം സോഴ്സ് ബുക്ക് എന്നിവയിൽ നൽകിയിട്ടുള്ള രണ്ടാം ടേമിലെ മേഖലകൾ അടിസ്ഥാനമാക്കിയാണ് വിലയിരുത്തൽ നടത്തേണ്ടത്.
- പ്രവൃത്തി പഠന വിഷയത്തിൽ പ്രായോഗിക/പ്രകടന വിലയിരുത്തലിനാണ് ഊന്നൽ നൽകുന്നത്. തൽസമയം തന്നെ ബന്ധപ്പെട്ട അറിവുകൾ പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും പരിഗണിക്കും (വാചികം). ഇതോടൊപ്പം മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ട് നൽകാവുന്ന പ്രകടനാത്മക ചോദ്യങ്ങളും പരിഗണിക്കുന്നു.

- ഓരോ മേഖലയുടേയും വിലയിരുത്തൽ പ്രവർത്തനത്തിന് വേണ്ടിവരുന്ന മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്.

- അധ്യാപകർക്കുള്ള നിർദേശങ്ങൾ, ചോദ്യപേപ്പർ ഡിസൈൻ, വിലയിരുത്തൽ സൂചകങ്ങളും ഉത്തരസൂചികയും തലേദിവസം തന്നെ പരീക്ഷ നടത്താൻ ചുമതലയുള്ള അധ്യാപകൻ പരിശോധിച്ച് പരീക്ഷ നടത്താനും വിലയിരുത്താനും ആവശ്യമായ തയാറെടുപ്പുകൾ നടത്തേണ്ടതാണ്.

- ചോദ്യപേപ്പർ പരീക്ഷാദിവസം മുൻകൂട്ടി പരിശോധിച്ച് പരീക്ഷ നടത്തുന്നതിന് ആവശ്യമായ തയാറെടുപ്പ് നടത്തണം.

**4. ആരോഗ്യ, കായിക വിദ്യാഭ്യാസം (Health and Physical Education – ടേം വിലയിരുത്തൽ മാർഗ നിർദേശങ്ങൾ**

- അപ്പർ പ്രൈമറി തലത്തിലെ 5 മുതൽ 7 വരെ ക്ലാസ്സുകൾ, ഹൈസ്കൂൾ തലത്തിലെ 8-ാം തരം എന്നിവയ്ക്ക് വേണ്ടി തയാറാക്കിയിട്ടുള്ള ആക്റ്റിവിറ്റിബുക്ക്, ടീച്ചർ ടെക്സ്റ്റ് എന്നിവ അടിസ്ഥാനമാക്കിയാണ് വിലയിരുത്തൽ നടത്തേണ്ടത്.

- പ്രകടന വിലയിരുത്തലിനാണ് അവസരം ഒരുക്കേണ്ടത്. ഇതോടൊപ്പം വാചികമായും ലിഖിതമായും ഉള്ള ചോദ്യങ്ങൾ കൂടി ഉൾച്ചേർക്കുന്നതാണ്.

- പ്രകടന വിലയിരുത്തലിന് 2 മണിക്കൂർ എന്ന് സമയം കൃത്യതപ്പെടുത്തേണ്ടതില്ല. ഓരോ പ്രവർത്തനത്തിനും ആവശ്യമായ സമയം കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ക്രമപ്പെടുത്തുക.

- വിലയിരുത്തലിന് ഗ്രേഡിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. ഓരോ പ്രവർത്തനത്തിലേയും മികവ് വിലയിരുത്തുന്നതിന് ആവശ്യമായ സൂചകങ്ങൾ തയാറാക്കി നൽകുന്നതാണ്.

- ഓരോ പ്രവർത്തനം ആവിഷ്ക്കരിക്കുമ്പോഴും ആവശ്യമായ ഉപകരണങ്ങൾ സംഘടിപ്പിക്കുകയും മുന്നൊരുക്കങ്ങൾ നടത്തുകയും വേണം.

- ചോദ്യപേപ്പർ ഡിസൈൻ, പരീക്ഷ നടത്തുന്നതിനുള്ള നിർദേശങ്ങൾ, വിലയിരുത്തൽ സൂചകങ്ങളും ഉത്തരസൂചികയും തലേദിവസം തന്നെ ചുമതലപ്പെട്ട അധ്യാപകൻ പരിശോധിക്കണം. പരീക്ഷ നടത്തുന്നതിന് ആവശ്യമായ തയാറെടുപ്പുകൾ മുൻകൂട്ടി നടത്തണം.

- ചോദ്യപേപ്പർ പരീക്ഷാ ദിവസം വളരെ നേരത്തേ തന്നെ ചുമതലയുള്ള അധ്യാപകൻ പരിശോധിക്കണം. പരീക്ഷ നടത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തണം.

- പ്രായോഗിക/പ്രകടന വിലയിരുത്തൽ നടത്തുന്നതിന് വേണ്ടിവരുന്ന കൂടുതൽ സമയം പരിഗണിച്ച് കൊണ്ട് വിലയിരുത്തൽ സമയം 2 മണിക്കൂർ എന്ന് കൃത്യതപ്പെടുത്തേണ്ട തില്ല. ഓരോ ചോദ്യത്തിനും/പ്രവർത്തനത്തിനും ആവശ്യമായ സമയം ക്രമപ്പെടുത്തേണ്ട താണ്.
- പ്രവർത്തനങ്ങൾ/പ്രകടനങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൂചകങ്ങൾ കൂടി തയാറാക്കി നൽകുന്നതാണ്.
- കുട്ടിയുടെ പ്രകടനം തത്സമയ വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്.
- ഓരോ പ്രവർത്തനത്തിനും ആവശ്യമായ സാമഗ്രികൾ സംഘടിപ്പിക്കുകയും ആവശ്യ മായ മുന്നൊരുക്കങ്ങൾ നടത്തുകയും വേണം.
- വിലയിരുത്തലിന് ഗ്രേഡിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. അതിന് ആവശ്യമായ സൂച കങ്ങൾ ചോദ്യത്തോടൊപ്പം തയാറാക്കി ലഭ്യമാക്കുന്നതാണ്.
- പരീക്ഷ തുടങ്ങുന്നതിന് മുമ്പ് തന്നെ പരീക്ഷനടത്താൻ ചുമതലപ്പെടുത്തിയ അധ്യാപ കൻ പരീക്ഷ നടത്താനുള്ള നിർദേശങ്ങൾ, ചോദ്യപേപ്പർ, ഡിസൈൻ, വിലയിരുത്തൽ സൂചകങ്ങളും ഉത്തസൂചികയും പരിശോധിക്കുകയും പരീക്ഷ നടത്തുന്നതിന് ആവശ്യ മായ മുന്നൊരുക്കങ്ങൾ നടത്തുകയും വേണം.
- പരീക്ഷ നടത്തുന്നതിനുള്ള നിർദേങ്ങളും വിലയിരുത്തൽ സൂചകങ്ങളും ചുമതലയുള്ള അധ്യാപകൻ തലേദിവസം തന്നെ പരിശോധിച്ച് ആവശ്യമായ നിർദേശങ്ങൾ കുട്ടികൾക്ക് മുൻകൂട്ടി നൽകണം.

**3. കലാവിദ്യാഭ്യാസം – ടേം വിലയിരുത്തൽ, മാർഗനിർദേശങ്ങൾ**

- കലാവിദ്യാഭ്യാസത്തിന് നാലുമേഖലകൾ ഉണ്ട്.

  1. ചിത്രകല 2. സംഗീതം 3. നൃത്തം 4. നാടകം

- മേൽസൂചിപ്പിച്ച നാലു മേഖലകളിൽ **ഏതെങ്കിലും ഒന്ന്** പഠിതാവിന് തെരഞ്ഞെടുക്കാ വുന്നതാണ്. അതിന്റെ വിലയിരുത്തലാണ് നിർവഹിക്കേണ്ടത്.
- പഠിതാവ് ഒരുമേഖല തെരഞ്ഞെടുത്താൽ അതേ മേഖലയിലെ വിലയിരുത്തൽ മാത്രം നട ത്തിയാൽ മതിയാകും.
- തെരഞ്ഞെടുക്കുന്ന മേഖലയിലെ പ്രകടനത്തിന് പ്രാധാന്യം നൽകി തത്സമയ വിലയിരു ത്തൽ നടത്താം. വാചികമായും എഴുത്തു പരീക്ഷക്കും അവസരങ്ങൾ നൽകാം.
- ഓരോ ചോദ്യത്തിനും വേണ്ട സമയം നൽകിയത് കൃത്യമായി പാലിക്കണം.
- വിലയിരുത്തലിന് ഗ്രേഡിംഗ് രീതിയാണ് ഉപയോഗിക്കുന്നത്. അതിന് ആവശ്യമായ സൂച കങ്ങൾ ചോദ്യത്തോടൊപ്പം തയാറാക്കി ലഭ്യമാക്കുന്നതാണ്.
- കലാപഠനം സോഴ്സ്ബുക്കിൽ പ്രതിപാദിച്ചിട്ടുള്ള യൂണിറ്റ് പ്രവർത്തനങ്ങളെ ആസ്പത മാക്കിയും മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുമാണ് ചോദ്യപേപ്പർ തയാറാക്കിയിരിക്കുന്നത്.

**V.L VISWALATHA**
Addl.Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14